പ്രദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കാളനൈസേഷൻ ഡിപ്പാർട്ടുമെൻറിന്റെ ആഭിമുഖ്യത്തിൽ ഒരു കോളനിയും, ഈ വർഷത്തിൽ പുതുതായി ആരംഭിച്ചിട്ടില്ല.

(ബി) യാതൊരു സഹായവും നൽകിയിട്ടില്ല.

മരച്ചീനി സഹകരണസംഘങ്ങൾ.

* 981. [6] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള മരച്ചീനി ക്രയവിക്രയ സഹകരണസംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഗവണ്മെൻറ് എന്തെങ്കിലും പഠനം ആസൂത്രണം ചെയ്തു നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്താണെന്ന് വെളിപ്പെടുത്തുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് ആസൂത്രണം ചെയ്തു വരുന്നതേയുള്ളൂ.

മ്യൂസിയത്തിലെ പ്രദർശനസാധനങ്ങൾ.

* 982. [7] ശ്രീ. വി. ശ്രീധരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തുള്ള മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന വിലപിടിപ്പുള്ള സാധനങ്ങൾ സൂക്ഷിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള ഏർപ്പാടുകൾ തികച്ചും അപര്യാപ്തമല്ലേ ;

(ബി) 1952-ൽ തിരുവനന്തപുരം മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്ന വിലയേറിയ ചില സാധനങ്ങൾ മോഷണം പോയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഗവണ്മെൻറ് അതേപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അന്വേഷണഫലം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) അല്ല.

(ബി) ഉണ്ട്.

(സി) അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) മോഷ്ടാക്കളെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല.

കരിമുളക്, ഇഞ്ചി എന്നിവ കൃഷി ചെയ്യുന്ന താലൂക്കുകൾ.

* 983. [8] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കരിമുളക്, ഇഞ്ചി എന്നിവ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന താലൂക്കുകൾ ഏവ ;

(ബി) അവിടങ്ങളിൽനിന്ന് എത്ര ടൺ കരിമുളകും, ചുക്കും കയറ്റി അയയ്ക്കുന്നുണ്ട് ; ഇതിൽ നിന്നും സംസ്ഥാനത്തിന് എത്ര വരുമാനം ഉണ്ടാകുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly